(ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയിലെ യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനോടൊപ്പം സ്റ്റുഡിയോയിലെ ഔട്ട് ഡോർ ഷൂട്ടിംഗിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റുഡിയോയിലെ ഗാർഡൻ വിപുലപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞു. കൂടാതെ ഷൂട്ടിംഗ് ആവശ്യമുള്ള ഏതാനും സെറ്റുകൾ കൂടി സജ്ജീകരിക്കുന്നുണ്ട്.

(ഇ&എഫ്) ചലച്ചിത്ര അക്കാഡമി സിനിമാഭിനയവും സാങ്കേതികവിദ്യയും നേരിട്ടു പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല എന്നാൽ ഈ വിഷയങ്ങളെ സംബന്ധിച്ച ഏറ്റവും നവീനമായ സിലബസ് തയ്യാറാക്കി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പരിശീലനം നല്കുന്നതിന് പരിപാടിയുണ്ട്.

## മത്സ്യമേഖലയിലെ കയറ്റിറക്കുമതി നയം

15 (*405) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ കയറ്റിറക്കുമതി നയം സംസ്ഥാനത്തെ മത്സ്യമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പുതിയ കയറ്റിറക്കുനയം പ്രാബല്യത്തിൽ വന്നതോടെ ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നതെന്ന് അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ പ്രധാന കയറ്റുമതി ഇനങ്ങളായ ചെമ്മീൻ, കൂന്തൽ എന്നിവ ഇറക്കുമതി ചെയ്യുന്നതിലൂടെ ആഭ്യന്തര വിപണിയിൽ ഇവയുടെ വില ഗുണ്യമായി കുറയുകയും മത്സ്യത്തൊഴിലാളികൾക്ക് തൊഴിലില്ലായ്മ, സാമ്പത്തികനഷ്ടം എന്നിവ ഉണ്ടാവുകയും ചെയ്യും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 1998, 1999 എന്നീ വർഷങ്ങളിൽ ചെമ്മീൻ, കൂന്തൽ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതം എന്നറിയിക്കുമോ ;

(ഇ) പുതിയ കയറ്റിറക്കുമതി നയം പ്രാബല്യത്തിൽ വന്നതോടെ കയറ്റുമതിക്കാർക്ക് മത്സ്യത്തൊഴിലാളികളോട് വിലപേശാമെന്ന അവസ്ഥ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പുതിയ കയറ്റിറക്കുമതി നയം മൂലമുള്ള ആഭ്യന്തര വിപണിയിലെ വിലയിടിവ്, തൊഴിലില്ലായ്മ, സാമ്പത്തിക നഷ്ടം എന്നിവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) മത്സ്യമേഖലയിൽ നടപ്പിലാക്കിയിരിക്കുന്ന പുതിയ കയറ്റിറക്കുമതി നയം പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ! എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സമീപനം എന്തെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ&ബി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ കയറ്റിറക്കുമതി നയം സംസ്ഥാനത്തെ മത്സ്യമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടില്ല. എന്നാൽ പുതിയ കയറ്റിറക്കുമതി നയം പ്രാബല്യത്തിൽ വന്നതോടെ കേന്ദ്രസർക്കാർ ഇറക്കുമതി ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്ന മത്സ്യങ്ങളുടെ ഇനം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) പരാമർശത്തിലുള്ള മത്സ്യങ്ങൾ ഇറക്കുമതിചെയ്യുകയാണെങ്കിൽ ആഭ്യന്തര വിപണിയിൽ അവയുടെ വില കുറയുവാനും തൻമൂലം മത്സ്യതൊഴിലാളികൾക്ക് തൊഴിലില്ലായ്മ, സാമ്പത്തികനഷ്ടം എന്നിവ ഉണ്ടാകാനും ഇടയുണ്ട്.

(ഡി) ഉണ്ട്. 1998-99-ൽ ചെമ്മീൻ, കൂന്തൽ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് 631.30 കോടി രൂപ ലഭിച്ചു. ഇതിൽ ചെമ്മീൻ കയറ്റുമതിയിലൂടെ 480.66 കോടി രൂപയും കൂന്തൽ കയറ്റുമതിയിലൂടെ 150.64 കോടി രൂപയുമാണ് ലഭിച്ചത്.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്. ജനകീയ മത്സ്യകൃഷി, അലങ്കാരമത്സ്യ കൃഷി എന്നീ പദ്ധതികൾ മുഖേനയും മത്സ്യകർഷക വികസന ഏജൻസി, ഓരു ജലമത്സ്യ/ചെമ്മീൻ കർഷക വികസന ഏജൻസി എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേനയും തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ മുഖേനയും മത്സ്യഫെഡ് മുഖേനയും ധനസഹായവും ലഭ്യമാക്കി വരുന്നുണ്ട്.

(ജി) പുതിയ കയറ്റിറക്കുമതി നയം പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സ്കൂൾ കുട്ടികൾക്കെതിരെയുള്ള ശിക്ഷാനടപടികൾ**

16 (*406) ശ്രീ. പി. സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം III

[9-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 15(*405)-ന്റെ 'എ'&'ബി' ഉത്തരം ദയവായി കാണുക]

ഇറക്കുമതി ചെയ്യുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്ന മത്സ്യ ഇനങ്ങൾ

1. അലങ്കാര മത്സ്യങ്ങൾ
2. ട്രോക്
3. ഓരൽ
4. നങ്കു
5. അയില
6. മത്തി
7. സ്രാവ്
8. ഹിൽബാ ഇലിക്ക
9. മാത്തൽ
10. വാള
11. ചൂര
12. കോൾ ഫിഷ്
11. ഫെറിംഗ്സ്
14. ഹബോക്
15. ബോഗ്ഫിഷ്
16. ആവോലി
17. സാൽമർ
18. ഫലിയറ്റ്
19. ഹാൽതക്കോർ
20. ഹാക്ക്
21. നെയ്മീൻ
22. കടൽഫിഷ്
23. വ്യോസെഡ്ക്
24. നെത്തൽ
25. ചെമ്മീൻ
26. ചിറ്റകൊഞ്ച്
27. കല്ലുറാൾ
28. ഞണ്ട്
29. സ്കിസ്
30. ജല്ലിഫിഷ്
31. കക്ക ഇറച്ചി

LIBRARY ARCHIVES Kerala Legislative Assembly